# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/196/2017 2017 സെപ്റ്റംബർ 19

## പത്രക്കുറിപ്പ്

**എം.ജി. പി.ജി. ഏകജാലകം: മൂന്നാം അലോട്ട്മെന്റിന് ഓപ്ഷൻ പുനഃക്രമീകരണം ഇന്ന് (സെപ്തംബർ 20) വൈകുന്നേരം അഞ്ചുമണി വരെ**

സെപ്തംബർ 23ന് നടക്കുന്ന പി. ജി. പ്രവേശനത്തിന്റെ മൂന്നാം അലോട്ട്മെന്റിന് പരിഗണിക്കപ്പെടുന്നതിനായി അപേക്ഷകർക്ക് തങ്ങൾ നേരത്തെ നൽകിയ ഓപ്ഷനുകൾ പുനഃക്രമീകരിക്കുവാൻ ഇന്നു (സെപ്തംബർ 20) വൈകുന്നേരം അഞ്ചുമണി വരെ സൗകര്യമുണ്ടാകും. അപേക്ഷകർക്ക് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് ഇവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ ആവശ്യമായ പുനഃക്രമീകരണം നടത്താൻ സാധിക്കും. എന്നാൽ പുതുതായി കോളേജുകളോ, പ്രോഗ്രാമുകളോ കൂടുതലായി കൂട്ടിച്ചേർക്കുവാൻ ഈ ഘട്ടത്തിൽ സാധിക്കുകയില്ല. ഒന്നും രണ്ടും അലോട്ട്മെന്റുകളിൽ താൽക്കാലിക പ്രവേശം ലഭിച്ച വിദ്യാർത്ഥികൾ തങ്ങൾക്ക് നിലവിൽ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ നിലനിൽക്കുന്ന ഹയർ ഓപ്ഷനുകൾ 'ഡിലീറ്റ്' ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഹയർ ഓപ്ഷൻ ഡിലീറ്റ് ചെയ്യാതിരിക്കുകയും തന്മൂലം മൂന്നാം അലോട്ട്മെന്റിൽ പുതുതായി ഹയർ ഓപ്ഷനിലെ മറ്റൊരു പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് അലോട്ട്മെന്റ് ലഭിക്കുകയും ചെയ്യുന്നപക്ഷം പുതുതായി അലോട്ട്മെന്റ് ലഭിച്ച പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് നിർബ്ബന്ധമായും പ്രവേശനം നേടേണ്ടതായി വരും. കൂടാതെ അവർക്ക് ലഭിച്ച ആദ്യ അലോട്ട്മെന്റ് റദ്ദാക്കപ്പെടുകയും ചെയ്യും. എന്നാൽ സ്ഥിരപ്രവേശം എടുത്ത വിദ്യാർത്ഥികൾ ഹയർ ഓപ്ഷനുകൾ 'ഡിലീറ്റ്' ചെയ്യേണ്ടതില്ല.

**പുതുക്കിയ പരീക്ഷാ തീയതി**

സെപ്തംബർ 18ന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ നാലാം സെമസ്റ്റർ എം.ബി.എ. (പുതിയ സ്കീം-2015 അഡ്മിഷൻ റഗുലർ/2012 മുതൽ 2014 വരെ അഡ്മിഷൻ സപ്ലിമെന്ററി/സ്പെഷ്യൽ എക്സാം) പരീക്ഷ സെപ്തംബർ **22**നും, ഒന്നാം സെമസ്റ്റർ ബി.വോക് (2016 അഡ്മിഷൻ/റഗുലർ) പരീക്ഷ സെപ്തംബർ 25നും രണ്ടാം സെമസ്റ്റർ എം.എ. തമിഴ് (സി.എസ്.എസ് - 2016 അഡ്മിഷൻ റഗുലർ) പരീക്ഷ 28നും, രണ്ടാം സെമസ്റ്റർ ബി.എ./ബി.എസ്.സി./ബി.കോം വൊക്കേഷണൽ മോഡൽ രണ്ട്/ബി.എ. മൾട്ടിമീഡിയ - 2009ന് മുമ്പുള്ള അഡ്മിഷൻ അവസാന മേഴ്സി ചാൻസ് ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 19നും നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. പരീക്ഷാ കേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

**പരീക്ഷാ തീയതി**

അഞ്ചാം സെമസ്റ്റർ ബി.എസ്.സി. സൈബർ ഫോറൻസിക് പരീക്ഷ ഒക്ടോബർ 5 മുതൽ ആരംഭിക്കും. അഞ്ചാം സെമസ്റ്റർ മോഡൽ രണ്ട് ബി.കോം ഡൊമസ്റ്റിക് ലോജിസ്റ്റിക് പരീക്ഷ ഒക്ടോബർ 13ന് നടത്തും. ഓപ്പൺ കോഴ്സ് കോർപ്പറേറ്റ് ഇക്കണോമിക്സ് - ട്രാവൽ ആന്റ് ടൂറിസം മാനേജ്മെന്റ് പരീക്ഷ ഒക്ടോബർ 19 ന് നടക്കും. മൂന്നാം സെമസ്റ്റർ മോഡൽ 1 ഇക്കണോമിക്സ് കോംപ്ലിമെന്ററി മാത്തമാറ്റിക്കൽ ഇക്കണോമിക്സ് പരീക്ഷ ഒക്ടോബർ 20ന് നടക്കും.

അഫിലിയേറ്റഡ് കോളേജുകളിലെയും യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിലെയും ഒന്നാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് & സെമസ്റ്റർ) സപ്ലിമെന്ററി (2013 & 2014 അഡ്മിഷൻ) പരീക്ഷകൾ നവംബർ 3 മുതൽ നടത്തും.

മൂന്നാം സെമസ്റ്റർ ബി.പി.ഇ. (2016 അഡ്മിഷൻ - റഗുലർ) പരീക്ഷ ഒക്ടോബർ 6 മുതൽ നടത്തും.

**വൈവാവോസി**

ആറാം സെമസ്റ്റർ ബി.എച്ച്.എം. സെപ്തംബർ 2017 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയവും വൈവാവോസിയും സെപ്തംബർ 22ന് ആരംഭിക്കും. വിശദമായ സമയക്രമം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**എം.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് ടെക്നോളജി സ്പോട്ട് അഡ്മിഷൻ**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസിൽ 2017-19 വർഷത്തേക്കുള്ള എം.ടെക് (കമ്പ്യൂട്ടർ സയൻസ് ആന്റ് ടെക്നോളജി) പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. യോഗ്യത: എം.ജി. സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള, 55% മാർക്കോടുകൂടിയ ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്/ടെക്നോളജി അല്ലെങ്കിൽ ബിടെക് ഇൻഫർമേഷൻ ടെക്നോളജി അല്ലെങ്കിൽ തത്തുല്യ എഞ്ചിനീയറിംഗ് ബിരുദം. എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗത്തിലുള്ളവർക്ക് നിയമാനുസൃതമായ മാർക്ക് ഇളവ് ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ളവർ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ സഹിതം 2017 സെപ്തംബർ 25ന് രാവിലെ 10 മണിക്ക് സ്കൂൾ ഡയറക്ടർ മുമ്പാകെ നേരിട്ട് ഹാജരാകേണ്ടതാണ്. ഫോൺ: 0481 2731037.

**അപേക്ഷാ തീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നും മൂന്നും സെമസ്റ്റർ എൽ.എൽ.എം. ഡിഗ്രി പരീക്ഷകൾ യഥാക്രമം ഒക്ടോബർ 25, നവംബർ 1 എന്നീ തീയതികളിൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ സെപ്തംബർ 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർഫൈനോടുകൂടി ഒക്ടോബർ 3 വരെയും സ്വീകരിക്കും.

ആറാം സെമസ്റ്റർ ബി.എ. (ക്രിമനോളജി) എൽ.എൽ.ബി. (ഓണേഴ്സ് 2015 ന് മുമ്പുള്ള അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി), ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് 2015ന് മുമ്പുള്ള അഡ്മിഷൻ റഗുലർ), ബി.കോം എൽ.എൽ.ബി. (ഓണേഴ്സ്, 2015ന് മുമ്പുള്ള അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 13 മുതൽ നടത്തും. അപേക്ഷകൾ പിഴയില്ലാതെ സെപ്തംബർ 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർഫൈനോടുകൂടി ഒക്ടോബർ 3 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപ വീതവും വീണ്ടും എഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനൊപ്പം അടയ്ക്കണം.

അഫിലിയേറ്റഡ് കോളേജുകളിലെയും സ്റ്റസിലെയും രണ്ടാം സെമസ്റ്റർ എം.സി.എ. (പുതിയ സ്കീം-2016 അഡ്മിഷൻ റഗുലർ/2011 മുതൽ 2015 വരെ അഡ്മിഷൻ സപ്ലിമെന്ററി), ലാറ്ററൽ എൻട്രി (2016 അഡ്മിഷൻ റഗുലർ/2013 മുതൽ 2015 വരെ അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 13 മുതൽ നടത്തും. അപേക്ഷകൾ പിഴയില്ലാതെ സെപ്തംബർ 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർഫൈനോടുകൂടി ഒക്ടോബർ 3 വരെയും സ്വീകരിക്കും. സി.വി. ക്യാമ്പ് ഫീസിനത്തിൽ റഗുലർ വിദ്യാർത്ഥികൾ 150 രൂപയും വീണ്ടും എഴുതുന്നവർ പേപ്പർ ഒന്നിന് 30 രൂപ വീതവും പരീക്ഷാ ഫിസിനു പുറമെ അടയ്ക്കേണ്ടതാണ്.

**എം.സ്.സി. ഫിസിക്സ് മേഴ്സി ചാൻസ് പരീക്ഷ**

1991 - 1993 അഡ്മിഷൻ എം.എസ്.സി. ഫിസിക്സ് വിദ്യാർത്ഥികൾക്കായി മേഴ്സി ചാൻസ് പരീക്ഷ നടത്തും. അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ 5 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർഫൈനോടുകൂടി 9 വരെയും സ്വീകരിക്കും. അപേക്ഷകർ സ്പെഷ്യൽ ഫീസായി പതിനായിരം രൂപ പരീക്ഷാഫീസിനും സി.വി.ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. പരീക്ഷാ തീയതി പിന്നീട്.

**ബി.എഡ്. മേഴ്സി ചാൻസ് പരീക്ഷ**

2006 - 2008 അഡ്മിഷൻ വിദ്യാർത്ഥികൾക്കും 2009 - 2012 അഡ്മിഷൻ വിദ്യാർത്ഥികൾക്കും അനുവദിച്ച ബി.എഡ്. മേഴ്സി ചാൻസ് പരീക്ഷകൾ ഒക്ടോബർ 20 മുതൽ നടത്തും. കോട്ടയം മൗണ്ട് കാർമ്മൽ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ മാത്രമായിരിക്കും പരീക്ഷാ കേന്ദ്രം.

**പരീക്ഷാഫലം**

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. ക്ലിനിക്കൽ നുട്രീഷൻ & ഡയറ്ററ്റിക്സ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 3 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**